**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3870** **28-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് എയിംസ് അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കാനും, ഗവേഷണമുൾപ്പെടെയുള്ള സാധ്യതകൾ വർദ്ധിപ്പിക്കാനും സഹായിക്കുന്ന എയിംസ്, കേരളത്തിനു മാത്രം അനുവദിക്കാതെ വിവേചനം കാട്ടുന്ന കേന്ദ്ര സർക്കാർ സമീപനത്തിനെതിരെ പ്രതിപക്ഷ സഹകരണത്തോടെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ; | (എ) | കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നതിനായി വിവിധ ജില്ലകളിലുള്ള നാല് സ്ഥലങ്ങൾ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ 2014-ൽ കേന്ദ്ര സർക്കാരിന് നൽകുകയുണ്ടായി. കൂടാതെ കോഴിക്കോട് ജില്ലയിലെ കിനാലൂരിലെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ എയിംസ് സ്ഥാപിക്കുന്നതിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് 2017-ൽ വീണ്ടും ശുപാർശ സമർപ്പിക്കുകയുണ്ടായി. കൂടാതെ ഈ വിഷയത്തിൽ മുഖ്യമന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി തലത്തിൽ കേന്ദ്ര സർക്കാരുമായി നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. കൂടാതെ കിനാലൂരിലെ നിർദ്ദിഷ്ട ഭൂമിയുടെ സാധ്യതാപഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18.05.2022-ലെ കത്തിലൂടെ കേന്ദ്ര സർക്കാരിനോട് വീണ്ടും അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല.<br><br>എയിംസ് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും, കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് ഇതിനകം |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനവും പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിനായി സംസ്ഥാനത്ത് നിന്നുള്ള എം.പി മാരെ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. |
| (ബി) | എയിംസ് അനുവദിച്ച് കിട്ടുന്നതിനായി സംസ്ഥാന സർക്കാർ ഇത് വരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ